## 2016 ഫെബ്രുവരി 28 മദ്യവിരുദ്ധ ഞായർ

Prot. No.05/2016/P.L.

വന്ദ്യ വൈദികരെ, സന്ന്യസ്തരെ, വത്സല മക്കളെ,

കാരുണ്യത്തിന്റെ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് ലോകത്തെ പുത്തൻ ദൈവാനുഭവത്തിലേക്കും സമൂഹത്തെ ആത്മാർത്ഥമായ നവമാനവികതയിലേക്കും നയിക്കാൻ ഉതകുന്ന കരുണയുടെ വർഷത്തിലൂടെയാണല്ലോ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സമൂഹമദ്ധ്യേ കാരുണ്യത്തിന്റെ കൈവിളക്കുമായി വഴികാട്ടുവാനുള്ള കത്തോലിക്കാസഭയുടെ ഈ ആഹ്വാനം, ക്രൈസ്തവ ലോകത്തിനു മാത്രമല്ല ലോകം മുഴുവന്റെയും കർമ്മത്തിനും കുതിപ്പിനും ആക്കം കൂട്ടുന്ന ഒരു ശരണമന്ത്രമായി തീർന്നിരിക്കുകയാണ്. കരുണയുടെ ഈ വർഷത്തിൽ സമൂഹത്തെ ഉണർത്താനും സഹോദരങ്ങളെ പുത്തൻ വെളിച്ചത്തിലേക്കു കൊണ്ടുവരാനും ഏറ്റവും ഉചിതമായ സമയവും അവസരവുമാണ് പുതിയ മദ്യനയത്തോടെ ഇന്ന് കേരളത്തിൽ സംജാതമായിരിക്കുന്നത്.

കേരള കത്തോലിക്കസഭ മദ്യവിരുദ്ധഞായറായി 2016 ഫെബ്രുവരി 28 ആചരിക്കുമ്പോൾ ഈ വർഷത്തെ മദ്യവിരുദ്ധഞായർ ആചരണം മറ്റേതുവർഷത്തെക്കാളും അർത്ഥപൂർണ്ണവും സമയോചിതവുമാണ്. കേരളസർക്കാരിന്റെ മദ്യനയം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി (29-12-2015) കേരളത്തിന് ലഭിച്ച പുതുവർഷസമ്മാനമായിരുന്നു. പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളെയും നിരോധിച്ചത് ആത്യന്തികമായി അനേകലക്ഷം ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതത്തിനാണ് ഉപകാരപ്പെടുന്നത്. ഈ അനുകൂലമായ സാഹചര്യം ഫലപ്രദമായി വിനിയോഗിക്കുക എന്ന ഒരു തീവ്രകർമ്മപരിപാടിക്കായി കേരളസമൂഹം ജാഗ്രതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ചരിത്രപരമായ ഒരു മദ്യനിയന്ത്രണസംവിധാനത്തിന് രൂപംകൊടുക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നത് ആത്മാർത്ഥമായ അഭിനന്ദനം അർഹിക്കുന്നതാണ്. മദ്യവർജ്ജന നടപടി കേരള ചരിത്രത്തിലെ നാഴികക്കല്ലാണ്. മദ്യവില്പനയിൽ കഴിഞ്ഞ 30 വർഷമായി 12% മുതൽ 67% വരെ വർദ്ധനവാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ, കഴിഞ്ഞ 18 മാസമായി കേരളത്തിൽ ബാറുകൾ അടഞ്ഞുകിടന്നതുമൂലം വിദേശമദ്യത്തിന്റെ വില്പന 24.92% കുറഞ്ഞുവെന്നാണ് കണക്ക്. ആഗോളമദ്യനയത്തിലൂടെ അടുത്ത പത്ത് വർഷംകൊണ്ട് മദ്യത്തിന്റെ ഉപയോഗം 10% കുറയ്ക്കുകയെന്ന ലക്ഷ്യമാണ് ലോകാരോഗ്യസംഘടന മുന്നിൽ വയ്ക്കുന്നത്. എന്നാൽ കേരളത്തിൽ കഴിഞ്ഞ 18 മാസം കൊണ്ടുതന്നെ ഇത് 24 ശതമാനമായി മാറി. ഇത് ലോകചരിത്രത്തിൽതന്നെ ഏറ്റവും വേഗതയിലുള്ള മദ്യോപയോഗത്തിന്റെ കുറവാണ്. ഇത് മാറ്റത്തിന്റെ വലിയ അടയാളമാണ്.

കേരളം ഉണർന്നുകഴിഞ്ഞു. ലഹരിവിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിലേക്ക് മാന്യമായി ജീവിക്കണമെന്ന ആഗ്രഹം കടന്നുവന്നിരിക്കുന്നു. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാവിലും ശരീരത്തിലും ആരോഗ്യം, കുറ്റകൃത്യങ്ങളുടെ നിയന്ത്രണം, റോഡപകടങ്ങളിൽ വന്ന കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതുസമൂഹം കർശന മദ്യനിയന്ത്രണത്തിന്റെ നന്മകൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

അതേസമയം, ഏറെ കരുതലോടെയും നിതാന്ത ജാഗ്രതയോടെയും അറിഞ്ഞിരിക്കേണ്ട മറ്റൊരു കാര്യമുണ്ട്. വിദേശമദ്യത്തിന്റെ വില്പന കുറഞ്ഞുവെങ്കിലും ബിയർ വില്പന 5 കോടി ലിറ്ററോളം കൂടിയിരിക്കുന്നു. ആരും ആവശ്യപ്പെടാതെത്തന്നെ അടച്ചുപൂട്ടിയ ബാറുകളിൽ വ്യാപകമായി ബിയർ വൈൻ പാർലറുകൾ തുടങ്ങിയ സർക്കാർ നടപടിയെ സുപ്രീം കോടതിപോലും നിശിതമായി വിമർശിച്ചതാണ്. ബിയർ വൈൻ പാർലറുകൾക്കുള്ള അനിയന്ത്രിതമായ അനുമതി കേരള സർക്കാർ അടിയന്തിരമായി പുനഃപരിശോധിക്കേണ്ടതാണ്. പുതിയ മദ്യനയം രൂപം കൊടുക്കുമ്പോൾ അത് പരിഹരിക്കേണ്ടതുമാണ്.

'മദ്യവർജനം', 'മദ്യനിയന്ത്രണം' എന്നീ രണ്ടു സമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ ക്രിയാത്മക മായ മാറ്റമുണ്ടാക്കുന്നത് എന്ന കാര്യത്തിൽ കൃത്യമായ നിലപാടുകൾ ഓരോ രാഷ്ട്രീയ പ്രസ്ഥാന ത്തിനും ഉണ്ടായിരിക്കണം. മദ്യവർജനം മാത്രം മതി എന്നു പറയുന്നവരുടെ സമീപനം സംശയാസ്പദ മാണ്. സമൂഹത്തിന്റെ ആത്യന്തികമായ നന്മയല്ല ഇക്കൂട്ടരുടെ ലക്ഷ്യം എന്നത് ഉറപ്പാണ്. ലഹരിക്കെതി രായ പ്രതിരോധം പൊതുസമൂഹത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യനന്മയുടെയും കൂട്ടാ യ്മയുടെയും തകർക്കാൻ പറ്റാത്ത കോട്ടകൾ തീർക്കുന്ന ഒരു പ്രതിരോധമാണ് ലഹരിക്കെതിരെ സൃഷ്ടി ക്കേണ്ടത്. ഇതിനായി കേരളസമൂഹം ഇനിയും മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

ബോധവത്ക്കരണ പരിപാടികളാണ് സമ്പൂർണ മദ്യനിരോധനത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ചവിട്ടുപടികൾ. കാര്യക്ഷമമായ ബോധവൽക്കരണത്തിലൂടെ മാത്രമേ നമ്മൾ ആഗ്രഹിക്കുന്ന ലക്ഷ്യം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂവെന്ന തിരിച്ചറിവിൽ കാര്യക്ഷമമായ കർമ്മപരിപാടികൾ ആവിഷ്ക രിക്കേണ്ടതുണ്ട്. ഈ മേഖലയിൽ സർക്കാർ നടത്തുന്ന 'സുബോധം പദ്ധതി' ലഹരിക്കെതിരായി അണി നിരക്കാൻ കേരളത്തെ ഒരുക്കുന്നതിൽ ഏറ്റവും ശ്രദ്ധേയമായ കാൽവയ്പാണ്. സർക്കാരിന്റെയും മദ്യവി രുദ്ധ സമിതികളുടെയും ബോധവത്ക്കരണപരിപാടികൾ ഫലപ്രദമായി സമൂഹത്തിലെത്തിക്കുവാൻ എല്ലാ വരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കെസിബിസി മദ്യവിരുദ്ധ സമിതിയ്ക്കും മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാ വർക്കും പുതിയ മദ്യനയ രൂപീകരണം അഭിമാനത്തിന്റെ നിമിഷങ്ങളാണ്. കെസിബിസി മദ്യവിരുദ്ധസ മിതിയോടൊപ്പം ഈ ചരിത്രമുഹൂർത്തം കേരളത്തിനു സമ്മാനിക്കാൻ പ്രവർത്തിച്ച എല്ലാ മദ്യവിരുദ്ധപ്ര സ്ഥാനങ്ങളെയും പ്രവർത്തകരെയും അഭിനന്ദിക്കുന്നു.

കരുണയുടെ വർഷത്തിൽ ലഹരിക്കെതിരായ പ്രവർത്തനം വലിയ ഒരു കാരുണ്യപ്രവൃത്തിയായി കണ്ട് അതിൽ പങ്കാളികളാകണം. മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾ ഇടവകാ രൂപതാതലങ്ങ ളിൽ കൂടുതൽ സജീവമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. മദ്യവിരുദ്ധ ഞായറിനു മുന്നോടി യായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം ഉചിതമായി ആചരിക്കപ്പെടുകയും വേണം. അന്നേ ദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രകാഴ്ച ലഹരി വിരുദ്ധപ്രവർത്തനങ്ങളുടെ ചില വിലേക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. നമുക്കു ഉണരാം, മദ്യത്തിനും മറ്റു ലഹരി വസ്തു ക്കൾക്കും എതിരെ പോരാടാം, ഒരു പുതിയ മദ്യവിരുദ്ധ സംസ്കാരം കെട്ടിപടുക്കാം. ഇതിന് ആവശ്യ മായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്വപ്പെട്ടവരെ അനുഗ്രഹിക്കണമെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

പൈതൃകാശിസ്സുകളോടെ,
ഈശോ മറിയത്തിൽ,

23-02-2016

✠ **സ്റ്റാൻലി റോമൻ**
**കൊല്ലം മെത്രാൻ**

---

***NB:** ഈ ഇടയലേഖനം 2016 ഫെബ്രുവരി 28-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*